# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 14 വ്യാഴം

---

## കെ.എസ്.ആർ.ടി.സിയിലെ സർക്കാർ പരസ്യങ്ങൾ നീക്കണം

ആലപ്പുഴ: ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പതിച്ചിട്ടുള്ള സർക്കാർ പരസ്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ കെ.എസ്.ആർ.ടി.സി. അധികൃതർക്ക് നിർദ്ദേശം നൽകി.

## ലീഗൽ മെട്രോളജി വകുപ്പിന്റെ ഉപഭോക്തൃ അവകാശ ദിനാചരണം ഇന്ന്

ആലപ്പുഴ: ലീഗൽ മെട്രോളജി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോക ഉപഭോക്തൃ അവകാശ ദിനാചരണം സംഘടിപ്പിക്കുന്നു. ഇന്ന് (മാർച്ച് 15) രാവിലെ 9.30 ന് ആലപ്പുഴ വൈ.എം.സി.എ ഹാളിൽ ചേരുന്ന യോഗത്തിന്റെ ഉദ്ഘാടനം കൊല്ലം, ആലപ്പുഴ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റ് ജസ്റ്റിസ് ഇ.എം.മുഹമ്മദ് ഇബ്രാഹിം നിർവഹിക്കും. ലീഗൽ മെട്രോളജി ഫ്ളയിങ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർ എം.ആർ.ശ്രീകുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ സപ്ലൈ ഓഫീസർ പി.മുരളീധരൻ നായർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ എസ്.അബ്ദുൾ ഖാദർ കുഞ്ഞ്, കൺസ്യൂമർ ഫെഡറേഷൻ കേരള ചെയർമാൻ കെ.ജി.വിജയകുമാരൻ നായർ, ജലജ എ.കെ.മേനോൻ, അസിസ്റ്റന്റ് കൺട്രോളർ എസ്.ഷെയ്ക്ക് ഷിബു എന്നിവർ പ്രസംഗിക്കും. തുടർന്ന് ലീഗൽ മെട്രോളജി വകുപ്പും ഉപഭോക്തൃ സംരക്ഷണവും എന്ന വിഷയത്തിൽ സെമിനാർ നടക്കും. വാഗ്മി കല്ലേലി രാഘവൻപിള്ള ഉദ്ഘാടനം ചെയ്യും. സീനിയർ ഇൻസ്പെക്ടർ ഷൈനി വാസവൻ വിഷയാവതരണം നടത്തും. ഉച്ചയ്ക്ക് ശേഷം രണ്ടുമണിക്ക് പേഴ്സണാലിറ്റി ഡെവലപ്മെന്റ് ആന്റ് സ്ട്രസ് മാനേജ്മെന്റിൽ ക്ലാസ്. തുടർന്ന് നാല്മണിക്ക് ക്വിസ് മത്സരം .